# SAMAGRA PLUS

## SECOND TERM SAMPLE PRACTICE PAPER

## മലയാളം(അടിസ്ഥാന പാഠാവലി)

**സമയം :2 മണിക്കൂർ** **ക്ളാസ്സ് : V**

### നിർദേശങ്ങൾ

➔ മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

➔ ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്.ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം . ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1- വായിക്കാം എഴുതാം**

**<u>പനങ്കിളിയുടെ കനിവ്</u>**

തേനണ്ണിയുടെ കരച്ചിൽ കേട്ട് ചുറ്റുപാടുമുള്ള പക്ഷികളും പൂമ്പാറ്റകളും വണ്ടുകളും അവിടേക്ക് പറന്നെത്തി. "ഹയ്യോ,... ഇത് നമ്മുടെ തേനണ്ണിയാണല്ലോ"- കുഞ്ഞിപ്പനങ്കിളി അവനെ തിരിച്ചറിഞ്ഞു. "തേൻ കുരുവി, നീ വേഗം പോയി കുറച്ച് വേനൽപ്പച്ചയുടെ ഇലകൊത്തിക്കൊണ്ടുവാ"- കുഞ്ഞിപ്പനങ്കിളി തന്റെ കൊക്ക്കൊണ്ട് തേനണ്ണിയെ പൊക്കി നേരെ ഇരുത്തി. കുറെ നേരം അവൾ തന്റെ ചിറവുകൾ വീശി അവനെ ആശ്വസിപ്പിച്ചു.

ഒട്ടും വൈകാതെ തേൻകുരുവി വേനൽ പച്ചയുമായി വന്നെത്തി. കുഞ്ഞിപ്പനങ്കിളി ആ വേനൽപ്പച്ച കൊത്തിച്ചവച്ച് അതിന്റെ നീര് പിഴിഞ്ഞെടുത്ത് തേനണ്ണിയുടെ മുറിവിലൊഴിച്ചു. കുറച്ച് ആശ്വാസമായെന്ന് കണ്ടപ്പോൾ കുഞ്ഞിപ്പനങ്കിളി തന്റെ കൂട്ടുകാരായ പക്ഷികളോടും പൂമ്പാറ്റകളോടുമായി പറഞ്ഞു," നമുക്ക് തേനണ്ണിയെ വേഗം വീട്ടിലെത്തിക്കണം". കുഞ്ഞിപ്പനങ്കിളി ഒട്ടും വേദനിപ്പിക്കാതെ അവനെ കൊക്കിലൊതുക്കിക്കൊണ്ട് മെല്ലെ പറന്നു. മറ്റു പക്ഷികളും പൂമ്പാറ്റകളും വണ്ടുകളും നിരനിരയായി പറക്കാൻ തുടങ്ങി " ഹായ് എന്തൊരു ചന്തമുള്ള കാഴ്ച.....

1. ആരൊക്കെയാണ് തേനണ്ണിയുടെ കരച്ചിൽ കേട്ട് വന്നത്?

   ( പൂമ്പാറ്റകളും വണ്ടുകളും, പറവകളും വണ്ടുകളും, അണ്ണാനും മരംകൊത്തിയും)

2. ആരാണ് അവനെ തിരിച്ചറിഞ്ഞത് ?

   (തേൻകുരുവി, കുഞ്ഞിപ്പനങ്കിളി, പൂമ്പാറ്റ)

3. കുഞ്ഞിപ്പനങ്കിളി എങ്ങനെയാണ് തേനണ്ണിയെ ആശ്വസിപ്പിച്ചത്?

   (തന്റെ ചിറവുകൾ വീശി, കൊക്കുകൊണ്ട് കൊത്തിയെടുത്ത് , പുറം തലോടി)

4. കുഞ്ഞിപ്പനങ്കിളി തന്റെ കൂട്ടുകാരായ പക്ഷികളോടും പൂമ്പാറ്റകളോടും എന്താണ് പറഞ്ഞത്?

   (നമുക്ക് തേനണ്ണിയെ ഡോക്ടറെ കാണിക്കാം, നമുക്ക് തേനണ്ണിയെ വേഗം വീട്ടിലെത്തിക്കണം, നമുക്ക് തേനണ്ണിയെ ഇവിടെ ഉപേക്ഷിക്കണം)

5. പൂമ്പാറ്റ എന്ന പദത്തിന് പകരം പദം ഏത്?

   (ഭ്രമരം, ചിത്രപതംഗം, അളി)

**പ്രവർത്തനം 2: കഥാപാത്രനിരൂപണം**

എ) ഉണ്ണിക്കണ്ണന്റെ കഥ ഓർമയില്ലേ? ഒരു പരിഭവവും പറയാതെ വീട്ടുവേല ചെയ്ത്, അമ്മ കൊണ്ടുവരുന്ന തണുത്ത ചോറും കറികളും സന്തോഷത്തോടെ കഴിക്കുന്ന ഉണ്ണികണ്ണൻ എന്ന കഥാപാത്രത്തെ കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ എഴുതി നോക്കൂ...

ബി) ഉണ്ണിക്കണ്ണന് ആടിനെ മേയ്ക്കുന്ന കുന്നിന്റെ കഥ പറഞ്ഞുകൊടുത്തത് ആരാണ്?

**പ്രവർത്തനം3: ഡയറിക്കുറിപ്പ്**

എ) അച്ഛനും അമ്മയും നഷ്ടപ്പെട്ട അന്ധയായ മിറി എന്ന പെൺകുട്ടിയെ "നന്മ പൂക്കൾ" എന്ന കഥയിൽ നിങ്ങൾ കണ്ടല്ലോ..ദുരിതം നിറഞ്ഞ അവളുടെ ജീവിതത്തിൽ അവളുടെ കൂട്ടുകാർ സഹായത്തിന് എത്തുന്നു....തന്റെ ജീവിതാനുഭവങ്ങളും കൂട്ടുകാരുടെ സ്നേഹവും ഒരു ഡയറിക്കുറിപ്പിൽ മിറി രേഖപ്പെടുത്തുകയാണെങ്കിൽ എങ്ങനെയുണ്ടാവും? ആ ഡയറിക്കുറിപ്പ് നിങ്ങളും എഴുതി നോക്കൂ...

ബി) "ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും

ജീവിച്ച് ജീവിതത്തോടുഞാൻ വാങ്ങിടും" - എന്ന കവിതാഭാഗം "നന്മ പൂക്കൾ" എന്ന കഥയിലെ ആരുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു?

**പ്രവർത്തനം4: താരതമ്യക്കുറിപ്പ്**

"പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം
പേടിക്കാതങ്ങനെ നിന്നാളമ്മ
കാറ്റിൻ ചുഴലിയായ് ചെന്നു പൂതം
കുറ്റി കണക്കങ്ങ് നിന്നാളമ്മ
കാട്ടുതീയായിട്ടും ചെന്നു പൂതം
കണ്ണീരാലൊക്കെക്കെടുത്താളമ്മ
നരിയായും പുലിയായും ചെന്നു പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ"

--ഇടശ്ശേരി

അമ്മയുടെ സ്നേഹവും കരുതലും എത്രയുണ്ടെന്ന് ഇടശ്ശേരി ഈ കവിതയിൽ നമുക്ക് കാണിച്ചു തരുന്നു. കുമാരനാശാന്റെ "പരിക്കേറ്റ കുട്ടി" എന്ന കവിതയും ഇടശ്ശേരിയുടെ ഈ കവിതയും താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

**പ്രവർത്തനം 5- ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക**

താഴെ കൊടുത്ത കവിത വായിക്കൂ .കവിതയുടെ ആശയം , കവിത നൽകുന്ന സന്ദേശം , പദ പ്രയോഗ ഭംഗി ഇവ വിശകലനം ചെയ്ത് ആസ്വാദന കുറിപ്പ് തയാറാക്കുക

**അച്ഛനും അമ്മയും**

അമ്മതൻ മാറത്തു പറ്റി കിടക്കുമ്പോ
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കും നേരത്ത
ഭിമാനത്തിന്നളവില്ല
അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന
തമ്മിഞ്ഞപ്പാലിൽ നിന്നാണല്ലോ
അന്തിക്കു മാനത്തു മിന്നുന്ന നക്ഷത്ര
മമ്മതൻ കണ്ണുനീരാണല്ലോ........അക്കിത്തം

**പ്രവർത്തനം 6- കുറിപ്പ് തയ്യാറാക്കുക**

എ) സാധാരണയായി മരക്കൊമ്പിൽ ആണ് ഊഞ്ഞാലുകെട്ടുക. ചിത്രത്തിൽ വളരെ വ്യത്യസ്തമായ രീതിയിലാണ് ഊഞ്ഞാൽ കെട്ടിയത്. എന്തുകൊണ്ടായിരിക്കും ഇങ്ങനെ സംഭവിച്ചത്? "മുത്തശ്ശി ഒരു കഥ തുടങ്ങുന്നു" എന്ന കഥയെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക

ബി) തിക്കോടിയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആര്?



# SAMAGRA PLUS

**അർധവാർഷിക മൂല്യനിർണയം 2024**

**അടിസ്ഥാന പാഠാവലി-മലയാളം**

**സമയം :2 മണിക്കൂർ** **ക്ലാസ്സ് : V**

| ചോദ്യനമ്പർ | ഉത്തര സൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | പൂമ്പാറ്റകളും വണ്ടുകളും | 1 | 1 |
| | കുഞ്ഞിപ്പനങ്കിളി | 1 | 1 |
| | കൊക്കുകൊണ്ട് കൊത്തിയെടുത്ത് | 1 | 1 |
| | നമുക്ക് തേനഞ്ഞിയെ വേഗം വീട്ടിലെത്തിക്കണം | 1 | 1 |
| | ചിത്രപതംഗം | 1 | 1 |
| 2 | പരമാവധി സവിശേഷതകൾ<br>മാതൃസ്നേഹം പ്രതിഫലിക്കുന്ന സന്ദർഭങ്ങൾ അനുയോജ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്<br>തലക്കെട്ട്<br>സ്വന്തം നിരീക്ഷണം<br>മുത്തശ്ശി | 1<br>1<br>1<br>1<br>1 | 5 |
| 3 | പാഠഭാഗത്തിലെ ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്.<br>ഡയറിക്കുറിപ്പിന്റെ ഘടന പാലിച്ചിട്ടുണ്ട്.<br>സംക്ഷിപ്തത,ആശയ ക്രമീകരണം എന്നിവ പാലിച്ചിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്<br>മിറി | 1<br>1<br>1<br>1<br>1 | 5 |
| 4 | രണ്ട് കവിതകളിലെയും പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്<br>സംഭവങ്ങൾ,സ്വഭാവ സവിശേഷതകൾ എന്നിവ താരതമ്യം ചെയ്തിട്ടുണ്ട്<br>സംക്ഷിപ്തത,ആശയ ക്രമീകരണം | 1<br>1 | 5 |

| | | | |
|---|---|---|---|
| | എന്നിവ പാലിച്ചിട്ടുണ്ട്<br>സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്<br>വാക്യഘടന,ചിന്നനം എന്നിവ പാലിച്ച് തെറ്റില്ലാതെ എഴുതിയിട്ടുണ്ട് | 1<br>1<br>1 | |
| 5 | കവിതയിലെ ആശയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്<br>സവിശേഷപ്രയോഗം, പദഭംഗി എന്നിവ കണ്ടെത്തിയിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്<br>വാക്യഘടന, ചിഹനനം എന്നിവ പാലിച്ച് എഴുതിയിട്ടുണ്ട് | 1<br>1<br>1<br>1<br>1 | 5 |
| 6 | ആശയങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ, പ്രയോഗങ്ങൾ, ഘടന ഉപയോഗിച്ചിട്ടുണ്ട്<br>വാക്യഘടന, ചിഹനനം എന്നിവ പാലിച്ച് അക്ഷരത്തെറ്റ് ഇല്ലാതെ എഴുതിയിട്ടുണ്ട്<br>പാഠഭാഗത്തുനിന്ന് ഉദാഹരണങ്ങളും തെളിവുകളും കണ്ടെത്തിയിട്ടുണ്ട്<br>പി കുഞ്ഞനന്തൻ നായർ | 1<br>1<br>1<br>1<br>1 | 5 |